# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, വെള്ളായണി

**തിരുവനന്തപുരം 695 522**

**Phone : 0471-2381002, 2381915**

**e-mail : deanagri@kau.in, coavellayani@kau.in**


**നം: COAVNY/3124/2026-ES-1** തീയ്യതി : **18-08-2026**

### വിജ്ഞാപനം

വെള്ളായണി കാർഷിക കോളേജിലെ Molecular Biology & Biotechnology വിഭാഗത്തിൽ **ബയോഇൻഫർമാറ്റിക്സ്** വിഷയം കൈകാര്യം ചെയ്യുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫെസ്സർ-നെ പരമാവധി ഒരു വർഷത്തേക്ക്, സർവകലാശാല വ്യവസ്ഥകൾക്ക് വിധേയമായി, കേരള പി എസ് സി പിന്തുടരുന്ന സംവരണക്രമം പാലിച്ച്, കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 23/09/2026-ന് രാവിലെ 10.30 മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Discipline/ Department | No. of vacancies | Qualifications | Consolidated Pay |
|---|---|---|---|---|
| 1 | Bioinformatics / Molecular Biology & Biotechnology | 01 | 1.M.Sc. in Bioinformatics + 2. NET qualification **(or)** a Ph.D. in a relevant subject. | Rs.44100/-* (Max.) |

**(* Subject to the University orders/directions in this regard)**

താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്കൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ - തുടങ്ങിയവയുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, റിസർച്ച് പബ്ലിക്കേഷൻസ്, ടീച്ചിങ്/പോസ്റ്റ് ഡോക്ടറൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ മുതലായവ സഹിതം അഭിമുഖത്തിന് 23/09/2026-ന് രാവിലെ രാവിലെ 9.30 മണിക്ക് വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. സർട്ടിഫിക്കറ്റ് പരിശോധനക്ക് ശേഷം അഭിമുഖം ആരംഭിക്കുന്നതാണ്.

**<u>വ്യവസ്ഥകളും നിബന്ധനകളും</u>**

- നിയമനരീതി : നിയമനം പൂർണ്ണമായും താല്കാലികവും കരാർ അടിസ്ഥാനത്തിലും ആയിരിക്കും. പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരം നിയമനം/സ്ഥലംമാറ്റം മുഖേന ഒഴിവു നികത്തൽ നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ആയിരിക്കും സേവന കാലാവധി. കരാർ കാലാവധി അവസാനിച്ചതിനുശേഷം പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- വയസ്സ് 01/01/2026-ന് 50 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.
- നെറ്റ്/Ph.D. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്ത ബിരുദമുള്ളവരെയും പരിഗണിക്കും.
- അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് TA/DA നൽകുന്നതല്ല.

- ശമ്പളം : പ്രതിമാസ പ്രതിഫല തുക ഇതുമായി ബന്ധപ്പെട്ട സർവകലാശാല ഉത്തരവുകൾക്കും നിർദേശങ്ങൾക്കും വിധേയമായിരിക്കും. നിലവിൽ പ്രതിമാസ പ്രതിഫലം 44,100/- രൂപ (നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ് രൂപ മാത്രം) മൊത്തം തുകയായി നിശ്ചയിച്ചിരിക്കുന്നു. വേതനം ലഭിക്കുന്നതല്ലാതെ മറ്റൊരു അവകാശവും ടി വ്യക്തിക്ക് സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതല്ല.

- അഭിമുഖത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 25-ൽ കൂടുതൽ ആണെങ്കിൽ അഭിമുഖം ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമെങ്കിൽ ഒരു എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.

- തെരഞ്ഞടുക്കപ്പെടുന്നയാൾ KAU Act/Statute അനുസരിച്ച് ആ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ എല്ലാം തന്നെ നിർവ്വഹിക്കേണ്ടതാണ്.

- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർ, ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ കരാർ നിയമന വ്യവസ്ഥകൾ പ്രകാരമുള്ള ഉടമ്പടി 200 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്.

- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ടിയാന്റെ/ടിയാളുടെ സേവനം മുന്നറിയിപ്പ് കൂടാതെ അവസാനിപ്പിക്കുന്നതിനുള്ള അധികാരം സ്ഥാപന മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥി കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് സ്വമേധയാ പിരിഞ്ഞു പോകാൻ താല്പര്യപ്പെടുന്നെങ്കിൽ ഒരു മാസം മുൻകൂറായി നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം ഒരു മാസത്തെ പ്രതിഫലത്തിന് തുല്യമായ തുക പിഴയായി ഒടുക്കേണ്ടതാണ്.
- **കേരള പി എസ് സി പിന്തുടരുന്ന റോട്ടേഷൻ ക്രമം പാലിച്ചായിരിക്കും കരാർ നിയമനം നടത്തുന്നത്. നിശ്ചിത കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റുള്ളവരെയും പരിഗണിക്കുന്നതായിരിക്കും.**

**Dr. THOMAS GEORGE**
**DEAN OF FACULTY (AGRICULTURE)**

To: Notice Board/KAU Website

Digitally signed by
Sandhya Rani P C
Date: 19-08-2026
13:46:17